**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - പ്രാദേശിക സർക്കാർ ഉപ തെരഞ്ഞെടുപ്പ്-സാമൂഹ്യ സുരക്ഷാ പെഷൻ - -അദാലത്ത് നടത്തുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ് എഫ് സി- ബി ) വകുപ്പ്.**

സ ഉ (എം എസ് ) നം.258/2017/ധന തിരുവനന്തപുരം തീയതി 11/05/2017

---

പരാമർശം :- 1. സ ഉ (എം എസ് )34/2017/ധന തിയതി 21/01/ 2017
2. സ ഉ (എം എസ് )3634/2017/ധന തീയതി 25/04/2017
3. സ ഉ (എം എസ് ) നം.251/2017/ധന തിയതി 05/05/2017

**ഉത്തരവ്**

സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികൾ ജനകീയമായി പരിഹരിക്കുന്നതിലേക്ക് സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ പെൻഷൻ അദാലത്തു നടത്തുവാൻ പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവാകുകയും അദാലത്തു നടത്തുന്നതിനുവേണ്ട നടപടിക്രമങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും അദാലത്തു നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 20/05/2017 വരെയായിരിക്കുമെന്നും അംഗീകരിച്ച് പരാമർശം 2 പ്രകാരവും ഉത്തരവായിട്ടുള്ളതും തുടർന്ന് അദാലത്തു നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 25/05/2017 എന്നാക്കി പുനർ നിർണ്ണയിച്ച് പരാമർശം 3 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സംസ്ഥാനത്ത് വിവിധ പ്രാദേശിക സർക്കാരുകളിൽ 17/05/2017 ന് ഉപ തിരഞ്ഞെടുപ്പ് നടക്കുന്ന സാഹചര്യത്തിൽ ഉപ തെരഞ്ഞെടുപ്പ് നടക്കുന്ന പ്രാദേശിക സർക്കാരുകളിൽ അദാലത്തിനുള്ള സമയ പരിധി ദീർഘിപ്പിച്ച് നൽകണമെന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ വരികയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഉപ തെരഞ്ഞെടുപ്പ് നടക്കുന്ന പ്രാദേശിക സർക്കാരുകളിൽ അദാലത്ത് നടത്തുന്നതിനുള്ള കാലാവധി 10/05/2017 മുതൽ 25/05/2017 എന്നത് 10/05/2017 മുതൽ 31/05/2017 എന്നാക്കി പുനർ നിർണ്ണയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം )

ഇ കെ പ്രകാശ്
ധനകാര്യ സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പാൾ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി സി )വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ വിഭാഗം ,വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം
നോഡൽ ഓഫീസർ ,ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
കരുതൽ ശേഖരം /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ